# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 444 19.03.2013 ൽ മറുപടിക്ക്

### രാത്രികാല റെയിൽവേ മെയിൽ സോർട്ടിംഗ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | ചെലവ് ചുരുക്കൽ പദ്ധതിയുടെ ഭാഗമായി തപാൽ വകുപ്പിന്റെ റെയിൽവേ മെയിൽ സോർട്ടിംഗ് ഓഫീസുകളിൽ രാത്രികാല സോർട്ടിംഗുകൾ നിർത്തലാക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. ചെലവ് ചുരുക്കലിന്റെ ഭാഗമായി കേരള സർക്കിളിലെ ആർ.എം.എസ് ഓഫീസുകളിലൊന്നും രാത്രികാല സോർട്ടിംഗ് നിറുത്തലാക്കിയിട്ടില്ല. |
| (ബി) | ഇതുമൂലം തപാൽ ഉരുപ്പടികൾ എത്തുന്നതിനുള്ള താമസം ഒഴിവാക്കുവാനും സ്വകാര്യ കൊറിയർ സർവ്വീസുകൾക്ക് ഗുണകരമാകുന്ന വിധം പ്രസ്തുത സംവിധാനത്തെ മാറ്റുന്നത് തടയാനും ഫലപ്രദമായ നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ? | (ബി) | തപാൽ ശൃംഖലയുടെയും തപാൽ ലഭ്യമാക്കുന്നതിന്റേയും കാര്യക്ഷമത സ്ഥിരമായി വിലയിരുത്തപ്പെടുന്നുണ്ട്. ഇതിന്റെ ഭാഗമായി ലഭ്യമായ മാനവശേഷിക്കും ഗതാഗതസൗകര്യങ്ങൾക്കും തപാലിന്റെ എണ്ണത്തിനമനുസരിച്ച് ആർ.എം.എസുകളുടെ പ്രവർത്തന സമയം പുനഃക്രമീകരിക്കാറുണ്ട്. അത്തരത്തിൽ ചിലപ്പോൾ, രാത്രികാല സൗകര്യങ്ങൾ പകൽസമയത്തേക്കും തിരിച്ചും മാറ്റാറുണ്ട്. മെയിൽ ഓഫീസുകളുടെയും പോസ്റ്റാഫീസുകളുടെയും പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള രാജ്യം മുഴുവൻ ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ ഭാഗമായി തപാലിന്റെ സഞ്ചാരവും വിതരണവും പലതലങ്ങളിൽ നൂതന സാങ്കേതികവിദ്യകളുപയോഗിച്ച് നിരീക്ഷിച്ചു വരുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ